# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 155      17.06.2013-ൽ മറുപടിയ്ക്ക്

### സർക്കാർ ഭൂമിയിലെ വൻമരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>,, എം. ഉമ്മർ<br>'' കെ. എം. ഷാജി<br>'' കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സർക്കാർ ഭൂമിയിൽ നില്ക്കുന്ന വൻമരങ്ങളുടെ ആയുർ ദൈർഘ്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) സർക്കാർ ഭൂമിയിൽ നില്ക്കുന്ന വൻമരങ്ങളുടെ ആയുർ ദൈർഘ്യം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| ബി) സർക്കാർ ഭൂമിയിലെ വൻമരങ്ങളിൽ പരമാവധി ആയുസ്സെത്തിയവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവയെ സ്വാഭാവിക നാശത്തിന് അനുവദിക്കാതെ പൊതു ഖജനാവി ലേയ്ക്ക് മുതൽ കൂട്ടുവാൻ നടപടി സ്വീകരിക്കാറുണ്ടോ; | ബി) വനം അല്ലാത്ത സർക്കാർ ഭൂമിയിലെ മരങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവിക പ്രായ പരിധി നിർണ്ണയിക്കാറില്ല. വൻമരങ്ങൾ ഉണ്ടാകുന്നത് ഭൂപ്രദേശത്തിന് പരിസ്ഥിതിപരമായി നല്ലതാണെന്നതിനാൽ അപകട സാദ്ധ്യത കണക്കിലെടുത്തും വികസന പ്രവർത്തികൾക്ക് വേണ്ടിയുമാണ് മരങ്ങൾ മുറിക്കുന്നത്. |
| സി) ഇല്ലെങ്കിൽ സ്വാഭാവിക പ്രായപരിധി കഴിഞ്ഞവയെ അവ മറിഞ്ഞു വീണാലുണ്ടാകാവുന്ന അപകടങ്ങളും നാശനഷ്ടവും കണക്കിലെടുത്ത് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനും പകരം 1:10 എന്ന അനുപാതത്തിൽ പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | സി) വനം അല്ലാത്ത സർക്കാർ ഭൂമിയിലെ മരങ്ങൾ അപകട സാദ്ധ്യത ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് തീരുമാനമെടുക്കാൻ വൃക്ഷ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുറിക്കാൻ അനുമതി നൽകുമ്പോൾ കൂടുതൽ മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന നിബന്ധന കമ്മിറ്റി വയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ